"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - പെരുമ്പാവൂർ നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - വി.സുബ്രഹ്മണ്യന്റെ മകൻ ശ്രീ.വിഷ്ണു.എസ് - സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.28/2022/LSGD   തീയതി,തിരുവനന്തപുരം, 18-02-2022

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. ശ്രീ.വിഷ്ണു.എസ് സമർപ്പിച്ച 23.12.2020 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 21.06.2020 തീയതിയിലെ ഇ4-3450/2020 നമ്പർ കത്ത്.
4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
5. എറണാകുളം ജില്ലാ കളക്ടറുടെ 30.10.2021 തീയതിയിലെ ഇ5-430552/2021 നമ്പർ കത്ത്.

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പെരുമ്പാവൂർ നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 08.07.2020 തീയതിയിൽ മരണപ്പെട്ട വി.സുബ്രഹ്മണ്യന്റെ മകൻ ശ്രീ.വിഷ്ണു.എസ് (മനയ്ക്കേക്കുട് വീട് , റയോൺപുരം പി.ഒ, എറണാകുളം , 683543) അപേക്ഷ സമർപ്പിച്ചിരുന്നു. വി.സുബ്രഹ്മണ്യന്റെ സേവനകാലം 13 വർഷവും 03 മാസവും 27 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 15.05.1967 , 13.03.2007 ആണ്. നഗരകാര്യ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.അപേക്ഷകൻ പത്താംതരം വരെ പഠിച്ചിട്ടുള്ളതും ടിയാന്റെ ജനന തീയതി 10.05.1991 എന്നതുമാണ്. ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ(23.12.2020) ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് പെരുമ്പാവൂർ നഗരസഭ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ.വിഷ്ണു.എസ്-ന് ജോലി നൽകുന്നതിന് എതിർപ്പില്ലായെന്ന് പരേതന്റെ മറ്റ് അവകാശികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ വിവാഹിതനാണ്. ശ്രീ.വിഷ്ണു.എസ്-ന്റെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണെന്ന് ( നാൽപ്പത്തെട്ടായിരം രൂപ മാത്രം) പെരുമ്പാവൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ വിവാഹത്തിന് മുൻപും ശേഷവും പരേതനെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നതെന്ന് കുന്നത്തുനാട് തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. കൂടാതെ പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ

സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 08.07.2020 തീയതിയിൽ മരണപ്പെട്ട വി.സുബ്രഹ്മണ്യന്റെ മകൻ ശ്രീ.വിഷ്ണു.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം , എറണാകുളം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്:</u>

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ , എറണാകുളം.
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ.വിഷ്ണു.എസ് , മനയ്ക്കേക്കുട് വീട് , റയോൺപുരം പി.ഒ, എറണാകുളം , 683543
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/156/2021-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ